‘മൂല്യശാസ്ത്രവും ഭൂമിരാഷ്ട്രീയവും’
(കേരളീയം, 2012 മെയ്)
എന്ന ലേഖനത്തോടുള്ള പ്രതികരണം

**വിശാലമായ ഒരു ജനകീയാടിത്തറയിൽ നിന്നുകൊണ്ട് വിദ്യാഭ്യാസം, ജനാധിപത്യം, ഭരണസംവിധാനങ്ങൾ, നിയമവാഴ്ച തുടങ്ങിയ സ്ഥാപനങ്ങളെ സ്വാധീനിക്കാൻ കഴിഞ്ഞാൽ മാത്രമെ അർത്ഥവത്തായ ഒരു മാറ്റം പ്രതീക്ഷിക്കാൻ സാധിക്കൂ എന്ന് ഡോ. ഇ. ദിവാകരൻ**

# സെക്ടേറിയൻ മനോഭാവം ശരിയല്ല

**മനുഷ്യജീവന്റെ** അതിജീവനം തന്നെ അപകടത്തിലായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രസക്തമായ ഒരു ചർച്ചയാണ് ശ്യാം ബാലകൃഷ്ണൻ അവതരിപ്പിക്കുന്നത്. ലേഖനത്തിൽ നിലവിലുള്ള അവസ്ഥയെ നിശിതമായി വിമർശിക്കുകയും പുതിയ ഒരു മാർഗ്ഗരേഖ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ പക്ഷപാതപരമായ സമീപനവും അമിതമായ ലളിതവൽക്കരണവും കാരണം അവതരിപ്പിക്കപ്പെട്ട ആശയങ്ങളെ കൂടുതൽ വികസിപ്പിക്കാനോ പ്രായോഗിക തലത്തിലേക്ക് പരിവർത്തനം ചെയ്യാനോ സാധിക്കാതെയാവുന്നതായി തോന്നി.

പക്ഷപാതപരമായ സമീപനം എന്നതുകൊണ്ട് ഞാനുദ്ദേശിച്ചത് ലേഖനത്തിൽ കാണുന്ന ആത്മീയതയോടുള്ള അമിതമായ ചായ്‌വാണ്. ആണവ ബാധ്യതാ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചുകൊണ്ടുള്ള ചർച്ചയിൽ ജനപ്രതിനിധികൾ മനുഷ്യജീവന് വിലയിടുന്നതായി ലേഖകൻ ആക്ഷേപിക്കുന്നത് ഈ നിലപാടുകൊണ്ടാണ്. ആണവ ദുരന്തമുണ്ടാകുമ്പോൾ നഷ്ടപരിഹാരത്തുക 500 കോടി മതിയെന്ന് ഭരണപക്ഷവും 1500 കോടി വേണമെന്ന് പ്രതിപക്ഷവും പറയുന്നത് വാസ്തവത്തിൽ അവർക്ക് മനുഷ്യജീവന്റെ മൂല്യത്തെക്കുറിച്ച് അറിയാത്തതുകൊണ്ടല്ല. ജീവന്റെ മൂല്യത്തെക്കുറിച്ച് നല്ല ധാരണയുള്ളവർ തന്നെയാണവർ. നഷ്ടപരിഹാരം എന്ന നിലക്കാണ് അവർ ആ തുക പരിഗണിക്കുന്നത്. അതിന് സാങ്കേതികാർത്ഥത്തിൽ ‘വില’ എന്ന് പറയുന്നതിൽ വലിയ അപാകതയൊന്നുമില്ല. ഇവിടെ ഓർക്കേണ്ട ഒരു കാര്യം ഇതാണ്; എല്ലാ വസ്തുക്കൾക്കും മനുഷ്യ കർമ്മങ്ങൾക്കും അതിന്റേതായ ഒരു മൂല്യമുണ്ട്. വ്യാവഹാരികമായ തല

ത്തിൽ അതിന് ഒരു 'വില'യുമുണ്ട് മൂല്യം എന്നത് ആത്മീയ തലത്തിൽ സാക്ഷാൽക്കരിക്കപ്പെടേണ്ട ഒന്നാണ്. (മനുഷ്യന്റെ ചിന്തയ്ക്കും പ്രവർത്തനങ്ങൾക്കും പ്രാപഞ്ചികമായ അർത്ഥത്തിൽ നിന്നും ഉയർന്ന് സർവ്വാതിശായിയായ (transcendental) ഒരു തലത്തിൽ പുതിയ അർത്ഥങ്ങൾ അനുഭവ സാധ്യമാകുന്ന ഒരു ഇടത്തേയാണ് ആത്മീയത എന്നതുകൊണ്ട് ഞാനർത്ഥമാക്കുന്നത്. എല്ലാ നന്മകളുടേയും, മനുഷ്യനെ മനുഷ്യനാക്കുന്ന എല്ലാ മൂല്യങ്ങളുടേയും സ്രോതസ്സ്). വിലയാകട്ടെ ഭൗതികവും പ്രാപഞ്ചിക തലത്തിൽ പ്രത്യക്ഷപ്പെടുന്നതും. രണ്ടും യാഥാർത്ഥ്യങ്ങളാണ്. അതിൽ ഒന്നിനെ മാത്രം പരിഗണിക്കുന്നത് യാഥാർത്ഥ്യ ബോധമില്ലാത്ത സമീപനമാണ്. അങ്ങനെയാണ് മൂല്യം മാത്രമാണ് സാരവത്ത്, വില നികൃഷ്ടമോ അപ്രസക്തമോ ആണെന്ന ചിന്ത ഉണ്ടാകുന്നത്. ഇത് പ്രശ്നങ്ങളെ അതിന്റെ സങ്കീർണ്ണതയിലും സമഗ്രതയിലും കാണുന്നതിനും വിശകലനം ചെയ്യുന്നതിനും ബുദ്ധിമുട്ടുണ്ടാക്കുന്നു.

ആത്മജ്ഞാനത്തിനും ഭൗതിക ജ്ഞാനത്തിനും വഴി രണ്ടാണ്. ശാസ്ത്രീയ സമീപനത്തിന്റെ പ്രത്യേകത അത് പദാർത്ഥത്തെ (പ്രപഞ്ചത്തെ) വസ്തു നിഷ്ഠമായി കാണാൻ ശ്രമിക്കുന്നു എന്നതാണ്. നിരീക്ഷിക്കുന്നവന്റെ ചായ്‌വുകളെ ഒഴിവാക്കി മാത്രമെ ശാസ്ത്രസത്യത്തെ മനസ്സിലാക്കാനാവു. ശാസ്ത്രത്തിന്റെ രീതി അതാണ്. അങ്ങനെ മാത്രമെ ശാസ്ത്രത്തിന് മുന്നോട്ടു പോകാനാകു. ആത്മജ്ഞാനമാകട്ടെ ആത്മനിഷ്ഠമാണ്. വൈരുദ്ധ്യങ്ങളിലും വൈവിദ്ധ്യങ്ങളിലും ഏകത്വത്തെ ദർശിക്കുന്ന ഒരു പദ്ധതിയാണത്. ഈ രണ്ടു തരത്തിലുള്ള ജ്ഞാന സമ്പ്രദായങ്ങളും പ്രസക്തമാണ്. ശാസ്ത്രസത്യങ്ങളെയും അവയുടെ ഉപയോഗത്തെയും മാനുഷികമാക്കുന്നത് മനുഷ്യനിലെ ആത്മീയതയാണ്. മുമ്പ് മൂല്യത്തെയും വിലയേയും കുറിച്ച് പറഞ്ഞ പോലെ ശാസ്ത്രയന്വേഷണവും ആത്മീയാന്വേഷണവും രണ്ടും രണ്ടായിരിക്കുമ്പോൾതന്നെ ഒന്നിന്റെ തന്നെ രണ്ടുവശങ്ങളായി വേണം മനസ്സിലാക്കാൻ.

ടെക്നോളജിയാണ് എല്ലാം പ്രശ്നങ്ങൾക്കും കാരണം എന്നു പറയുന്നത് ശരിയല്ല. അതുപോലെത്തന്നെ ടെക്നോളജിയാണ് എന്തിനും പരിഹാരം എന്നു പറയുന്നതും ശരിയല്ല. മൂല്യബോധത്തോടെയുള്ള ടെക്നോളജിയുടെ ഉപയോഗമാണ് ഇന്നത്തെ പ്രതിസന്ധി തരണം ചെയ്യാൻ ആവശ്യമായിട്ടുള്ളത്.

ശ്യാം ബാലകൃഷ്ണന്റെ സമീപനത്തിന്റെ (നമ്മുടെ പല ജനകീയ പ്രതിരോധ പ്രവർത്തനങ്ങളുടേയും) ഒരു വലിയ പോരായ്മയായി എനിക്കു തോന്നിയിട്ടുള്ളത് അതിന്റെ സെക്ടേറിയൻ മനോഭാവമാണ്. അവരെല്ലാം ഉയർത്തിപ്പിടിക്കുന്ന ആശയങ്ങളും ലക്ഷ്യങ്ങളും നൂറുശതമാനം അംഗീകരിച്ചുകൊണ്ടാണിതു പറയുന്നത്.

വളരെ വിശാലമായ ഒരു മുന്നണി കെട്ടിപ്പടുത്താലെ നാം ഉദ്ദേശിക്കുന്ന തലത്തിലുള്ള എന്തെങ്കിലും ഒരും മാറ്റം ഉണ്ടാക്കാനാകു. എല്ലാവരെയും പ്രതികൂട്ടിലാക്കുകയും ചീത്ത പറയുകയും ചെയ്തുകൊണ്ടിരുന്നാൽ നമുക്ക് താടി തടവി നെടുവീർപ്പിട്ടുകൊണ്ട് ഇരിക്കാനേ സാധിക്കൂ.

ശാസ്ത്രത്തെയോ, ഭരണകൂടത്തെയോ, വ്യവസായത്തെയോ ആഗോളീകരണത്തെയോ കുറ്റം പറഞ്ഞിരുന്നിട്ട് കാര്യമില്ല. അനിവാര്യമായ തകർച്ചയിലേക്കുള്ള പോക്കിൽ ഇതെല്ലാം അതിന്റേതായ പങ്കു വഹിക്കുന്നുണ്ട്. ഒപ്പം നിങ്ങളും ഞാനും അടങ്ങിയ പൊതു സമൂഹവും. വിദ്യാഭ്യാസം, ജനാധിപത്യം, ഭരണസംവിധാനങ്ങൾ, നിയമവാഴ്ച എന്നിങ്ങനെയുള്ള കാര്യങ്ങളെത്തന്നെയാണ് നാം ഈ മാറ്റത്തിനുവേണ്ടി ഉപയോഗിക്കേണ്ടത്. വിശാലമായ ഒരു ജനകീയാടിത്തറയിൽ നിന്നുകൊണ്ട് ഈ വക സ്ഥാപനങ്ങളെ സ്വാധീനിക്കാൻ കഴിഞ്ഞാൽ മാത്രമേ അർത്ഥവത്തായ ഒരു മാറ്റം പ്രതീക്ഷിക്കാൻ സാധിക്കു. ഒരു ഭൂമി രാഷ്ട്രീയം കെട്ടിപ്പടുക്കുന്നത്. അപ്രകാരമായിരിക്കണമെന്ന് തോന്നുന്നു.

**കാർട്ടൂൺ** **റഫീക് അഹമ്മദ്**

